# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 1817 16.06.2014-ൽ മറുപടിയ്ക്ക്

## അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ലൈസൻസ് ഉള്ളവയും ഇല്ലാത്തവയുമായ പണമിടപാട് സ്ഥാപനങ്ങൾ ജനങ്ങളെ കബളിപ്പിച്ച് കോടികൾ തട്ടിയെടുത്ത് മുങ്ങുന്ന നടപടിക്കെതിരെ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) അനധികൃത ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നതും ഇടപാട് നടത്തുന്നതും നിരുത്സാഹപ്പെടുത്താൻ ജനങ്ങളെ ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ജനങ്ങളെ കബളിപ്പിച്ച് പണം തട്ടിയെടുക്കുന്ന പണമിടപാട് സ്ഥാനങ്ങളിൽ പരിശോധന നടത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും എത്ര തുകയുടെ തട്ടിപ്പാണ് ഇതു മുഖേന ഉണ്ടായിട്ടുള്ളതെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ? | (സി) കഴിഞ്ഞ സാമ്പത്തിക വർഷം ലൈസൻസ് ഉള്ളതോ/ഇല്ലാത്തതോ ആയ പണമിടപാട് സ്ഥാപനങ്ങൾ ജനങ്ങളെ കബളിപ്പിച്ചതുമായി ബന്ധപ്പെട്ട് 285 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ വിശദമായ അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്ര തുകയുടെ തട്ടിപ്പാണ് നടത്തിയിട്ടുള്ളതെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ